# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **818** 11.03.2015 - ൽ മറുപടിയ്ക്ക്

## ആയുഷ് ഡിപ്പാർട്ട്മെന്റ് രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് ആയുർവേദ -യുനാനി - ഹോമിയോ ചികിത്സ ഫലപ്രദമായി നടപ്പിലാക്കുന്നതിലേക്കായി ആയുഷ് ഡിപ്പാർട്ട്മെന്റ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ; | (എ) & (ബി) സംസ്ഥാനത്ത് ആയുഷ് വകുപ്പ് രൂപീകരിക്കുന്നത് സംബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി) നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ഇക്കാര്യം പരിശോധിച്ചുവരികയാണ്. |
| (ബി) എങ്കിൽ ഇതിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ ; | |
| (സി) ചികിത്സാ രംഗത്ത് 'ആയുഷ്'-ന് പ്രാധാന്യം നൽകുന്നതിന് ഏന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത് ; വിശദമാക്കാമോ ? | (സി) ആയുഷ് ചികിത്സാ സംവിധാനങ്ങളുടെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടും ആയുഷ് ചികിത്സാ സമ്പ്രദായങ്ങളെ മുഖ്യധാരയിൽ എത്തിക്കുന്നതിലേയ്ക്കായി നാഷണൽ ഹെൽത്ത് മിഷൻ സംസ്ഥാനത്ത് 450 ഹോമിയോ, 250 ആയുർവേദ, 30 സിദ്ധ, 20 യുനാനി മെഡിക്കൽ ഓഫീസർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ തസ്തികകളിൽ നാളിതുവരെ 418 ഹോമിയോ, 265 ആയുർവേദം, 28 സിദ്ധ, 15 യുനാനി മെഡിക്കൽ ഓഫീസർമാർക്ക് താത്കാലിക ഗ്രാമീണ ഡിസ്പെൻസറികളിലും ആശുപത്രികളിലുമായി നിയമനം നൽകി. ആശുപത്രികളുടേയും ഡിസ്പെൻസറികളുടേയും |

ഗുണനിലവാരം മെച്ചപ്പെടുത്തു -
ന്നതിനായി 'KASH AYUSH'
മാർഗ്ഗരേഖ തയ്യാറാക്കി. ആയുർവേദ
ആശുപത്രികളിൽ രോഗീ
പരിചരണത്തിനായി 5 നഴ്സുമാർക്കും
14 തെറാപ്പിസ്റ്റുകൾക്കും നാഷണൽ
ആയുഷ് മിഷൻ (എൻ.എച്ച്.എം. )വഴി
നിയമനം നൽകിയിട്ടുണ്ട്. കേന്ദ്ര
സർക്കാർ ആയുഷ് വകുപ്പിന്റെ
പദ്ധതിയായ നാഷണൽ ആയുഷ്
മിഷൻ സംസ്ഥാനത്ത്
നടപ്പിലാക്കുന്നതിലേയ്ക്കായി സ്റ്റേറ്റ്
ആയുഷ് സൊസൈറ്റി
രൂപീകരിക്കുകയും 9.54 കോടി
രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്
സമർപ്പിക്കുകയും അംഗീകാരം
ലഭിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ